# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

ചേർത്തല താലൂക്ക് ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റ്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 743 — 08.01.2014 - ൽ മറുപടിയ്ക്ക്

ചോദ്യം — ഉത്തരം

| | ശ്രീ. പി. തിലോത്തമൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ മന്ത്രി) |
|---|---|---|---|
| എ | ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ പുതുതായി പണികഴിപ്പിച്ചിട്ടുള്ള ട്രോമാകെയർ യൂണിറ്റിന്റെ ഉദ്ഘാടനം ചെയ്ത് മാസങ്ങൾ പലത് കഴിഞ്ഞിട്ടും ട്രോമാകെയർ പ്രവർത്തനം ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്നു പറയാമോ; ട്രോമാകെയർ ആരംഭിക്കുന്നതിനു വേണ്ട ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, സ്കാനിംഗ് സംവിധാനം ഉൾപ്പെടെയുള്ള മറ്റ് ക്രമീകരണങ്ങൾ എന്നിവയൊന്നും ഇനിയും അനുവദിക്കാത്തതും സ്ഥാപിക്കാത്തതും എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ; ട്രോമാകെയർ പ്രവർത്തനം തുടങ്ങാത്തതിനാൽ വിവിധ മേഖലയിൽനിന്നും പ്രതിഷേധം ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | സ.ഉ. (എം.എസ്) 309/13/ആകുവ തീയതി 8.7.2013 പ്രകാരം 14 ജീവനക്കാരുടെ തസ്തികകൾ ചേർത്തല താലൂക്ക് ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റിനായി അനുവദിച്ചിട്ടുണ്ട്. എന്നാൽ യൂണിറ്റിലേക്കാവശ്യമായ സ്കാനിംഗ് മെഷീനുകളും മറ്റുപകരണങ്ങളും ലഭ്യമല്ലാത്തതിനാൽ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രതിഷേധം ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി | കോടികൾ മുടക്കി ചേർത്തല താലൂക്ക് ആശുപത്രിയിൽ ഒരുക്കിയിട്ടുള്ള ട്രോമാകെയർ യൂണിറ്റിൽ അതിനു പകരം നിലവിൽ ആശുപത്രിയിലുള്ള കാഷ്വാലിറ്റി മാറ്റി പ്രവർത്തിപ്പിക്കുവാൻ ആരോഗ്യവകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ; | ബി | കാഷ്വാലിറ്റി യൂണിറ്റിലുള്ള മെഡിക്കൽ ആഫീസർമാരുടെയും ട്രോമാകെയർ യൂണിറ്റിന് അനുവദിച്ച ഡോക്ടർമാരുടെയും സേവനം ഉപയോഗിച്ച് ട്രോമാകെയർ യൂണിറ്റ് പ്രവർത്തിപ്പിക്കണമെന്ന് വാക്കാൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി | ചേർത്തല ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റ് ശരിയായ തരത്തിൽ എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ; ജനങ്ങളുടെ പ്രതിഷേധം രൂക്ഷമാകുന്നതിനു മുമ്പ് ട്രോമാകെയർ യൂണിറ്റ് അടിയന്തിരമായി തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | സി | ട്രോമാകെയർ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്കാനിംഗ് സംവിധാനവും മറ്റുപകരണങ്ങളും ലഭ്യമായാലുടൻ യൂണിറ്റ് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ